മലയാള മനോരമ

18 March 2025



സിഎംഎഫ്ആർഐ ഗവേഷകരായ ഡോ. ഗീത ശശികുമാറും ഡോ. കെ.കെ. സജികുമാറും പര്യവേക്ഷണത്തിനിടെ സമുദ്രത്തിൽ നിന്നു കുന്തലിനെ പിടിക്കാൻ ഉപയോഗിക്കുന്ന ഓട്ടമാറ്റിക് സ്ക്വിഡ് ജിഗ്ഗിങ് മെഷീനിനൊപ്പം.

# അന്റാർട്ടിക്കയിലെ കൂന്തലിനെ പഠിക്കാൻ കൊച്ചി സംഘം

കൊച്ചി • അന്റാർട്ടിക്കയിലെ കുന്തൽ ജൈവ വൈവിധ്യം പഠിക്കാനുള്ള ഗവേഷണവുമായി കേന്ദ്ര മത്സ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ) സംഘം. ദക്ഷിണധ്രുവത്തിലെ ഇന്ത്യൻ ശാസ്ത്ര പര്യവേക്ഷണത്തിന്റെ ഭാഗമായാണു ഷെൽഫിഷ് ഫിഷറീസ് വിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഗീത ശശികുമാറും ടെക്നിക്കൽ ഓഫിസർ ഡോ. കെ.കെ. സജികുമാറും ഉൾപ്പെടുന്ന സംഘം ഗവേഷണം നടത്തുന്നത്.

ദക്ഷിണ ധ്രുവത്തിലെ സമുദ്രത്തിൽ കുന്തലിന്റെ ലഭ്യതയും അന്റാർട്ടിക്കയിലെ ആവാസ വ്യവസ്ഥയിൽ അവയുടെ പങ്കുമാണു പഠന വിഷയം. ദക്ഷിണ ധ്രുവ സമുദ്രത്തിലെ പറക്കും കുന്തലിന്റെ ലഭ്യതയും പഠിക്കുന്നുണ്ട്. 47 ദിവസത്തെ പര്യവേക്ഷണത്തിൽ 36 ദിവസം പിന്നിട്ടു. ഗവേഷണത്തിനാവശ്യമായ സാംപിളുകൾ ശേഖരിച്ച ശേഷം സംഘം മടക്കയാത്രയിലാണ്.

ഗോവയിലെ നാഷനൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച് (എൻസിപിഒആർ) സംഘടിപ്പിക്കുന്ന ഗവേഷണത്തിൽ 16 സ്ഥാപനങ്ങൾ പങ്കാളികളാണ്. ശേഖരിച്ച കുന്തൽ കുഞ്ഞുങ്ങളെ സിഎംഎഫ്ആർഐയിൽ എത്തിച്ചു വിശദ പരിശോധന നടത്തുമെന്ന് ഡോ. ഗീത ശശികുമാർ പറഞ്ഞു.